



കവർസ്റ്റോറി

**ഡോ. സഫറുൽ ഇസ്‌ലാം ഖാൻ**
(പ്രസി., ഓൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ)

# പുതിയ രാഷ്ട്രീയ സംരംഭങ്ങളെ അനൈക്യം പരാജയപ്പെടുത്തിയേക്കും



**1. ഇക്കാലത്ത്** സംസ്ഥാനങ്ങൾ, ജാതികൾ, മതങ്ങൾ (പഞ്ചാബിലെ അകാലിദൾ ഉദാഹരണം) എന്നിവ അടിസ്ഥാനപ്പെടുത്തി രാഷ്ട്രീയ പാർട്ടികൾ ഉയർന്നുവന്നിട്ടുണ്ട്. മുസ്‌ലിംകൾക്കും ഈയർഥത്തിൽ വിശാലമായ ഒരു രാഷ്ട്രീയപാർട്ടി ഉണ്ടാവണം. എന്നാൽ ശബ്ദമില്ലാത്തവരായ മുഴുവൻ പിന്നാക്ക മർദിത വിഭാഗങ്ങൾക്കും അത് പ്രാപ്യമാവണം.

2. കോൺഗ്രസ് മുതൽ സി.പി.എം വരെയുള്ള മതേതര പാർട്ടികളുമായുള്ള ബന്ധം മുസ്‌ലിം സമുദായത്തിന് നഷ്ടങ്ങളേ നൽകിയിട്ടുള്ളൂ. ഒരു മുസ്‌ലിം പാർട്ടിയില്ലാതിരുന്ന കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ഭൂരിപക്ഷ വർഗീയത ശക്തിപ്പെടുകയുണ്ടായി. രാഷ്ട്രീയ സമ്മർദങ്ങളിലൂടെയും പാർലമെന്റിലെ സാന്നിധ്യത്തിലൂടെയും ഇത്തരം ഒരു പാർട്ടിക്ക് വർഗീയ ആക്രമണങ്ങളെ ചെറുക്കാൻ കഴിയുമായിരുന്നു എന്നാണ് എന്റെ വിശ്വാസം. പാർലമെന്റിലും നിയമസഭകളിലും മുസ്‌ലിം സാന്നിധ്യം ഇല്ലാതെ പോയത് മുസ്‌ലിം വിരുദ്ധരെ ഏറെ സഹായിച്ചിട്ടുണ്ട്.

3. മുഖ്യധാരാ സംഘടനകൾക്ക് സഹായം നൽകിയതിലൂടെ മുസ്‌ലിം സമുദായത്തിന് നഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. സച്ചാർ റിപ്പോർട്ട് ഇത് വ്യക്തമാക്കുന്നുണ്ട്. അവർ സമുദായത്തെ ഉപയോഗപ്പെടുത്തുകയായിരുന്നു. ലാലുവിന്റെ ബീഹാറിലും സി.പി.എമ്മിന്റെ ബംഗാളിലും മുസ്‌ലിംകൾക്ക് ലഭിച്ചത് കലാപങ്ങളിൽനിന്നുള്ള സംരക്ഷണം മാത്രമാണ്. അതിനപ്പുറം വികസനത്തിൽ അവർക്ക് പങ്കൊന്നും ലഭിച്ചില്ല.

4. കേരളത്തിലെ മുസ്‌ലിംലീഗിനെ മാറ്റിനിർത്തിയാൽ മറ്റിടങ്ങളിലൊന്നും തന്നെ ഇത്തരം പരീക്ഷണങ്ങൾ വിജയം കണ്ടിട്ടില്ല. ഇതിനർഥം അത്തരം ശ്രമങ്ങൾ ഉപേക്ഷിക്കണമെന്നല്ല. പരാജയത്തിന്റെ കാരണങ്ങൾ പഠിച്ച് പരിഹാരം കാണുകയാണ് വേണ്ടത്. മുസ്‌ലിംകൾക്കിടയിലെ അനൈക്യവും ആത്മാർഥതയുള്ള പ്രവർത്തകരുടെ അഭാവവുമാണ് ഇത്തരം പരാജയങ്ങൾക്ക് ഞാൻ കാണുന്ന പ്രധാന കാരണങ്ങൾ.

5. ഇവ സ്വാഗതാർഹമാണ്. പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലേക്കും ഇവ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണം. താഴെ തട്ടിലെ രാഷ്ട്രീയ പ്രക്രിയകളിൽ സജീവമായ സ്വാധീനം ചെലുത്താനായാൽ നിയമസഭ, പാർലമെന്റ് മത്സരങ്ങളിൽ എളുപ്പത്തിൽ വിജയം കാണാം. നൂറുകണക്കിന് മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും ആയിരക്കണക്കിന് പഞ്ചായത്തുകളും മുസ്‌ലിംകൾക്ക് സ്വാധീനിക്കാൻ കഴിയുന്നവയായി ഉണ്ട്. അത്തരം തദ്ദേശസ്ഥാപനങ്ങളിൽ വിജയം നേടുകയും മികച്ചതും അഴിമതി രഹിതവുമായ ഭരണം കാഴ്ചവെക്കുകയും വേണം. ഇതിലൂടെ ഉയർന്ന സഭകളിലേക്ക് കുറെക്കൂടി എളുപ്പത്തിൽ എത്തിപ്പെടാൻ വഴി തുറക്കും. ജനങ്ങൾ അഴിമതിക്കാരായ രാഷ്ട്രീയക്കാരെക്കൊണ്ട് മടുത്തിരിക്കുകയാണ്. മികച്ച ബദൽ ഇല്ലാത്തതാണ് അവരുടെ പ്രശ്നം.

6. ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയപാർട്ടിക്ക് രൂപംകൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നല്ല കാര്യമാണ്. എന്നാൽ മുസ്‌ലിം അനൈക്യത്തെ യഥാവിധി നേരിടാനായില്ലെങ്കിൽ ഈ ശ്രമം പരാജയപ്പെട്ടേക്കും. ■

**കോൺഗ്രസ് മുതൽ സി.പി.എം വരെയുള്ള മതേതര പാർട്ടികളുമായുള്ള ബന്ധം മുസ്‌ലിം സമുദായത്തിന് നഷ്ടങ്ങളേ നൽകിയിട്ടുള്ളൂ. ഒരു മുസ്‌ലിം പാർട്ടിയില്ലാതിരുന്ന കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ഭൂരിപക്ഷ വർഗീയത ശക്തിപ്പെടുകയുണ്ടായി. രാഷ്ട്രീയ സമ്മർദങ്ങളിലൂടെയും പാർലമെന്റിലെ സാന്നിധ്യത്തിലൂടെയും ഇത്തരം ഒരു പാർട്ടിക്ക് വർഗീയ ആക്രമണങ്ങളെ ചെറുക്കാൻ കഴിയുമായിരുന്നു എന്നാണ് എന്റെ വിശ്വാസം.**